(സി) ഇവിടെ എന്തെങ്കിലും വികസനപ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിഗണനയിലാണ്.

(സി) രോഗികൾക്ക് കാത്തിരിപ്പ്മുറി നിർമ്മിക്കുക, ലബോറട്ടറി സൗകര്യം ഒരുക്കുക, രോഗികൾക്ക് ടോയ്ലറ്റ് സൗകര്യം വർദ്ധിപ്പിക്കുക, 50 പേർക്കിരിക്കാവുന്ന കോൺഫറൻസ് ഹാൾ നിർമ്മിക്കുക എന്നീ വികസനപദ്ധതികൾ എം. എൽ. എ.യുടെ പ്രാദേശിക വികസന പദ്ധതിയിൽപ്പെടുത്തി നടത്തുവാൻവേണ്ട എസ്റ്റിമേറ്റിനായി പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് ലഭിച്ചാലുടൻ നടപടിയെടുക്കുന്നതാണ്.

ഫാർമസി ലക്ചറർ തസ്തിക ഒഴിവുകൾ നികത്താൻ നടപടി

255 [3230] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറേറ്റിന്റെ കീഴിലുള്ള മെഡിക്കൽ കോളേജുകളിലെ ഫാർമസി ഡിപ്പാർട്ടുമെന്റുകളിൽ എത്ര ലക്ചറർ പോസ്റ്റ് നിലവിലുണ്ട്;

(ബി) ഡി. പി. സി.യും അതിന്റെ തുടർനടപടിയും വൈകുന്നതുകൊണ്ട് എത്ര ഹയർപോസ്റ്റ് മേൽപ്പറഞ്ഞ ഡിപ്പാർട്ടുമെന്റിൽ പ്രൊമോഷൻ നടക്കാതെ ഒഴിഞ്ഞുകിടപ്പുണ്ട്;

(സി) 2004 മുതൽ തിരുവനന്തപുരം മെഡിക്കൽകോളേജിൽ ബി.ഫാം. സീറ്റ് 28-ൽനിന്ന് 60 ആക്കുകയും അതിന് മൂന്നുവർഷം മുമ്പ് എം.ഫാം. സീറ്റ് 8-ൽ നിന്നും 16 ആക്കുകയും ചെയ്തതിന്റെയും അടിസ്ഥാനത്തിൽ എ. ഐ. സി. ടി. ഇ. റഗുലേഷൻ അനുസരിച്ച് ആവശ്യത്തിനുള്ള ടീച്ചിംഗ് സ്റ്റാഫ് ഈ കോളേജുകളിലുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) കാലിക്കറ്റ് മെഡിക്കൽ കോളേജിലും എ. ഐ. സി. ടി. ഇ. റൂൾ അനുസരിച്ച് ആവശ്യത്തിനുള്ള ടീച്ചിംഗ് സ്റ്റാഫിനെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) മെഡിക്കൽ കോളേജിലെ ഫാർമസി ഡിപ്പാർട്ടുമെന്റുകളിൽ പി. എസ്. സി. റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തി നിലവിലുള്ള ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 33.

(ബി) ഒരു പ്രൊഫസർ, 3 അസോസിയേറ്റ് പ്രൊഫസർ, 7 അസിസ്റ്റന്റ് പ്രൊഫസർ തസ്തികകൾ പ്രൊമോഷൻ നടക്കാതെ ഒഴിഞ്ഞുകിടപ്പുണ്ട്.

(സി) ഇല്ല. ആവശ്യമായ തസ്തികകൾ സൃഷ്ടിക്കാത്തതുകൊണ്ടും 3 ലക്ചറർ പോസ്റ്റുകൾ കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് മാറ്റിയതുകൊണ്ടും ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ നിയമനം നടത്താൻ വൈകുന്നതുമൂലവുമാണ് തിരുവനന്തപുരം മെഡിക്കൽകോളെജിൽ ആവശ്യത്തിനുള്ള ടീച്ചിംഗ് സ്റ്റാഫ് ഇല്ലാത്തത്.

(ഡി) ഇല്ല. അധിക തസ്തികകൾ സൃഷ്ടിക്കാത്തതാണ് കാരണം.

(ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്.

ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നതിന് നടപടി

256 [3232] *ശ്രീ. യു. സി. രാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഹോമിയോ ഡിസ്പൻസറി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എത്ര ഗ്രാമപഞ്ചായത്തുകളിലാണ് നിലവിൽ ഹോമിയോ ഡിസ്പെൻസറി ഇല്ലാത്തത്;

(സി) പുതുതായി എത്ര ഹോമിയോ ഡിസ്പെൻസറിയാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ഡി) കുന്ദമംഗലം നിയോജകമണ്ഡലത്തിൽ ഹോമിയോ ഡിസ്പെൻസറി ഇല്ലാത്ത ഗ്രാമപഞ്ചായത്തുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഇ) ഇവിടെ പുതുതായി ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly